# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2515** 19.03.2015 - ൽ മറുപടിയ്ക്ക്

**ജലസേചന അണക്കെട്ടുകളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. വി.ഡി. സതീശൻ | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലസേചന അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന കാലാകാലങ്ങളിൽ നടത്താറുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന; കേരള ഡാം സുരക്ഷ അതോറിറ്റിയും (KDSA) ഡാം സേഫ്റ്റി റിവ്യൂ പാനലും (DSRP) ഡാം സേഫ്റ്റി ഓർഗനൈസേഷനും (DSO) കാലാകാലങ്ങളിൽ നടത്താറുണ്ട്. ഏറ്റവും ഒടുവിലായി ഡാം സേഫ്റ്റി ഓർഗനൈസേഷൻ 12.02.2015-ൽ പഴശ്ശി ഡാമും കേരള ഡാം സുരക്ഷാ അതോറിറ്റി 23.02.2015 -ൽ നെയ്യാർ ഡാമും പരിശോധിക്കുകയുണ്ടായി. പരിശോധന നടത്തിയ ഡാമുകളിൽ അടിയന്തര പ്രാധാന്യം നൽകി ചെയ്യേണ്ട അറ്റകുറ്റ പണികൾ ചെയ്യുന്നതിനും പുനരുദ്ധാരണ/നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നിർ ദ്ദേശം നൽകിയിട്ടുണ്ട്. DSRP ഏറ്റവും ഒടുവിലായി 30.01.2014 - ൽ കല്ലട ഡാമിൽ പരിശോധന നടത്തിയിരുന്നു. |
| (ബി) ഇതിനായി വിനിയോഗിക്കുന്ന വിദഗ്ദ്ധസമിതിയുടെ ഘടന എപ്രകാരമാണ്; വിശദമാക്കുമോ; | (ബി) | കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ ഘടന സംബന്ധിച്ച വ്യവസ്ഥകൾ "The Kerala Irrigation and Water Conservation Act" - ലെ **സെക്ഷൻ 58-ൽ നിഷ്കർഷിച്ചിട്ടുണ്ട്.** (ഘടന സംബന്ധിച്ച |

വ്യവസ്ഥകൾ അനുബന്ധം 1-ൽ വിശദീകരിച്ചിട്ടുണ്ട്)

ജലസേചന വകുപ്പിന്റെ കീഴിൽ ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ (DRIP) ഭാഗമായി രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനലും,ഡാം സേഫ്റ്റി ഓർഗനൈസേഷനും ഡാമുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന നടത്തുന്നതിനായി നിലവിലുണ്ട്, സി.ഡബ്ല്യു.സി. മുൻ ചെയർമാൻ ശ്രീ. ആർ. സി. ഝാ ചെയർമാനായ ഡാം സേഫ്റ്റി റിവ്യൂ പാനലിൽ ശ്രീ. ബി. എം. ഉപാധ്യായ (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ ഡാം സേഫ്റ്റി സി.ഡബ്ല്യു.സി.) ശ്രീ. ടി. പി. സിംഗ് (ചീഫ് എഞ്ചിനീയർ, റിട്ടയേർഡ് ഡിസൈൻസ് സി.ഡബ്ല്യു.സി.), ശ്രീ. എസ്സ്. ആർ. ടോളി (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, സി.ഡബ്ല്യു.സി.), ഡോ. എ. കോമളവല്ലി അമ്മ (ചീഫ് എഞ്ചിനീയർ, റിട്ടയേർഡ്), ശ്രീ. രാജഗോപാലൻ (റിട്ടയേർഡ് ഡയറക്ടർ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ), ശ്രീ. എം. കെ. പരമേശ്വരൻ നായർ (മെമ്പർ റിട്ടയേർഡ്, സിവിൽ, കെ. എസ്. ഇ. ബി.) എന്നിവർ അംഗങ്ങളാണ്. ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ ചെയർമാനായ ഡാം സേഫ്റ്റി ഓർഗനൈസേഷനിൽ ചീഫ് എഞ്ചിനീയർ (പ്രോജക്ട് - 1), ചീഫ് എഞ്ചിനീയർ (പ്രോജക്ട് - 2), ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഐ. ഡി. ആർ. ബി. ഡയറക്ടർ എന്നിവർ മെമ്പർമാരും ജോയിന്റ് ഡയറക്ടർ, ഡാം സേഫ്റ്റി (ഐ.ഡി.ആർ.ബി.) കൺവീനറുമാണ്.

(സി) സുരക്ഷാ പരിശോധനയിൽ നവീകരണമോ ഡീ-കമ്മീഷനിംഗോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കേരള ഡാം സുരക്ഷാ അതോറിറ്റിയും (KDSA) ഡാം സേഫ്റ്റി റിവ്യൂ പാനലും (DSRP) ഡാം സേഫ്റ്റി ഓർഗനൈസേഷനും (DSO) നടത്തിയിട്ടുള്ള സുരക്ഷാപരിശോധനകളിൽ ഡീ കമ്മീഷനിംഗ് ആവശ്യമാണെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ

പുനരുദ്ധാരണത്തിനും, അറ്റകുറ്റപണികൾക്കും, നവീകരണപ്രവർത്തനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) അണക്കെട്ടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും ലോകബാങ്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ നൽകാമോ?

(ഡി) സംസ്ഥാനത്തെ ജലസേചന വകുപ്പിന്റേയും വൈദ്യുതി ബോർഡിന്റേയും നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ ബാരേജുകൾ/റഗുലേറ്ററുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും അഭിവൃദ്ധിപ്പെടുത്തലിനുമായി ലോകബാങ്ക് സഹായത്തോടെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി (DRIP) നടപ്പിലാക്കി വരുന്നു. സംസ്ഥാന ജലസേചന വകുപ്പിനും വൈദ്യുതി ബോർഡിനും വേണ്ടി 280 കോടി രൂപ (പദ്ധതി കാലയളവിലെ നിരക്ക വർദ്ധനവ് ഉൾപ്പെടെ) ലോകബാങ്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 80%. ലോകബാങ്ക് വായ്പയും 20% സംസ്ഥാന വിഹിതവുമാണ്.

Gopinathan Divakaran

സെക്ഷൻ ഓഫീസർ

ഭരണഘടനാ പിന്തുണ

38. *Composition of the Authority*.—(1) The authority shall consist of the following members, namely:—

(a) a retired Judge of the High Court who shall be the Chairman of the authority;

(b) the Secretary to Government, Water Resources Department; ex-officio;

(c) the Chief Engineer, Investigation and Design and two other Chief Engineers of the Water Resources Department to be nominated by the Government; ex-officio;

(d) the Chief Engineer, Central Water Commission, nominated by the Government;

(e) the Chief Engineer (Civil), The Kerala State Electricity Board;

(f) the Chairman, Kerala State Pollution Control Board; ex-officio;

(g) two experts in the field of conservation of water resources and dams to be nominated by the Government;

(h) an eminent geologist, nominated by the Government;

(i) the Director of Centre for Earth Science Studies (CESS); ex-officio;

(j) the Principal Chief Conservator of Forests; ex-officio.

(2) The Chief Engineer, Investigation and Design shall be the Member Secretary of the Authority.

(3) The term of office and other conditions of service of the members shall be such as may be prescribed.

True copy.

[signature]

Section Officer